10054
10/8/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - 2015 വനിതാ രത്നം പുരസ്കാരം നൽകുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം. 494/2015/സാനീവ തീയതി തിരുവനന്തപുരം 03.08.2015

---

പരാമർശം: 1) സ.ഉ(സാധാ) നം. 570/2013/സാനീവ തീയതി, 13.11.2013

2) 26.06.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ എച്ച്3 - 2208/15 നമ്പർ കത്ത്.

3) 30.06.2015 ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

കല, സാഹിത്യം, സാമൂഹ്യ സേവനം, ശാസ്ത്രരംഗം, വിദ്യാഭ്യാസ മേഖല, ആരോഗ്യ രംഗം, ഭരണ നിർവ്വഹണ മികവ് എന്നീ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള പ്രശസ്തരായ 5 വനിതകൾക്ക് 2013-14 മുതൽ വനിതാ രത്നം പുരസ്കാരം നൽകുവാനും പുരസ്കാര തുകയായി 3 ലക്ഷം രൂപയും സർട്ടിഫിക്കറ്റും നൽകുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായിവരുന്ന തുകയായ 15,00,000/- രൂപ അനുവദിക്കുന്നതിനും ടി പ്രോഗ്രാമിന്റെ നടത്തിപ്പിനായും, പുരസ്കാരാർഹർക്കു യാത്രാ സൗകര്യം, താമസ സൗകര്യം എന്നിവയ്ക്കായി 3 ലക്ഷം രൂപ ഉൾപ്പെടെ ആകെ 18,00,000/- രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

(2) 30.06.2015 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശുപാർശ ഒരു തുടർ പദ്ധതി എന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ് സാമ്പത്തിക വർഷത്തിൽ വിവിധ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച 5 വനിതകൾക്ക് വനിതാ രത്നം പുരസ്കാരം നൽകുന്നതിനും ഇതിലേയ്ക്കാവശ്യമായ തുകയായ 15,00,000/- രൂപയും പ്രോഗ്രാമിന്റെ നടത്തിപ്പിനും, പുരസ്കാരാർഹർക്ക് യാത്രാ സൗകര്യം, താമസ സൗകര്യം എന്നിവയ്ക്കുമായി 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 18,00,000/- രൂപ (പതിനെട്ട് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-92(പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ